(ഡി) പാലക്കാട് ജില്ലയിലെ മലമ്പുഴയുടെ ഒരു ജല സ്രോതസ്സായ ഒന്നാം പുഴയിൽ എത്തിച്ചേരേണ്ട ഒരു നീരൊഴുക്ക് തമിഴ്നാട് താല്കാലിക തടസ്സമുണ്ടാക്കി തിരിച്ചുവിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തമിഴ്നാട് നിർമ്മിച്ചിരിക്കുന്ന താല്കാലിക തടസ്സം കേരള അതിർത്തിക്കുള്ളിലാണോയെന്ന് വ്യക്തമായി നിർണ്ണയിക്കുവാൻ കഴിഞ്ഞിട്ടില്ല. ഇതിന് വിശദമായ സർവ്വെ ആവശ്യമാണ്. സർവ്വെ നടത്തിയതിനുശേഷം ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ആദിവാസി പുനരധിവാസ പദ്ധതി

*27 [57] ശ്രീ. എം. കുമാരൻ :

,, പി. നാരായണൻ :

,, എൻ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആദിവാസി പുനരധിവാസ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് എത്ര ആദിവാസികൾക്ക് ഇതുവരെയായി ഭൂമി വിതരണം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഭൂമി ലഭിച്ചിട്ടും അതിൽ പ്രവേശിക്കാൻ കഴിയാത്ത എത്ര ആദിവാസികളുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്തെ മുഴുവൻ ആദിവാസി കുടുംബങ്ങൾക്കും കൃഷിഭൂമിയും കിടപ്പാടവും നൽകുന്നതിനുള്ള പദ്ധതി എത്ര കാലംകൊണ്ട് പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഡി) കയ്യേറ്റക്കാരും പങ്കു കൃഷിക്കാരും ആദിവാസികൾക്കെതിരെ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനെതിരെ സർക്കാർ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി (ഡോ. എം. എ. കുട്ടപ്പൻ) :

(എ) ഇതുവരെ 2024 കുടുംബങ്ങൾക്കായി 2862.38 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്.

(ബി) 14 ആദിവാസി കുടുംബങ്ങൾ.

(സി) സംസ്ഥാനത്തെ ഭൂരഹിതരും അർഹരുമായ എല്ലാ ആദിവാസി കുടുംബങ്ങൾക്കും ഈ സർക്കാരിന്റെ കാലത്തുതന്നെ കൃഷിഭൂമിയും കിടപ്പാടവും നല്കുവാനാണ് ശ്രമിച്ചുവരുന്നത്.

LIBRARY ARCHIVES KeralaLegislative Assembly

(ഡി) ഉണ്ട്. ശ്രദ്ധയിൽപ്പെട്ട കേസ്സിൽ വാക്കാൽ പാട്ടക്കാരനെ ഇറക്കിവിട്ടിട്ടുണ്ട്. വിതരണം ചെയ്യുന്ന ഭൂമി അന്യാധീനപ്പെടാതിരിക്കുന്നതിന് ആവശ്യമായ നിബന്ധനകൾ 11-1-2001-ലെ ജി. ഒ. (പി)321/2001/ആർ.ഡി. ഉത്തരവുപ്രകാരമുള്ള ഭൂമി പതിവ് ചട്ടങ്ങളിൽ ഉൾപ്പെടുത്തിയിട്ടുമുണ്ട്.

ഭൂരഹിതരായ ആദിവാസി കുടുംബങ്ങൾക്ക് ഭൂമി നൽകാൻ നടപടി

*28 [58] ശ്രീ. എം. വി. ജയരാജൻ :
,, കെ. രാധാകൃഷ്ണൻ :
ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ :
ശ്രീ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂരഹിതരായ ആദിവാസി കുടുംബങ്ങൾ റവന്യൂഭൂമിയിൽ പ്രവേശിച്ച് കുടിൽകെട്ടി സമരം നടത്തിവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഏതെല്ലാം റവന്യൂ ഭൂമിയിൽ എത്ര ആദിവാസി കുടുംബങ്ങൾ എത്ര ദിവസമായി കുടിൽകെട്ടി സമരം നടത്തിവരുകയാണെന്ന് വെളിപ്പെടുത്തുമോ;

(സി) ആദിവാസി ക്ഷേമസമിതിയും മറ്റ് സംഘടനകളുമായി സർക്കാർ നടത്തിയ ചർച്ചയിലെ ഒത്തുതീർപ്പ് വ്യവസ്ഥകൾ എന്തെല്ലാമായിരുന്നു;

(ഡി) സർക്കാർ വാഗ്ദാനം ചെയ്ത ഭൂമി എല്ലാ ഭൂരഹിതരായ ആദിവാസികൾക്കും എന്ന് നൽകാനാകുമെന്ന് വെളിപ്പെടുത്താമോ; പ്രസ്തുത ഭൂമി ഏത് തീയതിക്കകം നൽകുമെന്നായിരുന്നു സർക്കാർ ആദ്യം പ്രഖ്യാപിച്ചിരുന്നത്;

(ഇ) സമരത്തിന്റെ ഭാഗമായി പട്ടിണിയും പരിവട്ടവുമായി മാരകരോഗികളായി കുടിലുകളിൽ അന്തിയുറങ്ങുന്ന ആദിവാസി കുടുംബങ്ങൾക്ക് സർക്കാർ എന്തെങ്കിലും ആശ്വാസം നൽകിയിട്ടുണ്ടോ;

(എഫ്) ഇപ്പോൾ സമരം നടത്തിവരുന്ന സംഘടനാ പ്രതിനിധികളെ വിളിച്ച് ചർച്ച ചെയ്യാൻ സർക്കാർ തയ്യാറാകുമോ?

പിന്നോക്ക പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി (ഡോ. എം. എ. കുട്ടപ്പൻ) :

(എ) ഉണ്ട്.

(ബി) തിരുവനന്തപുരം ജില്ലയിലെ ചെറ്റച്ചലിൽ 28.47 ഏക്കർ റവന്യൂ ഭൂമിയിൽ 21-4-2003 മുതൽ 84 കുടുംബങ്ങൾ കയ്യേറിയിട്ടുണ്ട്. തൃശ്ശൂർ ജില്ലയിൽ മുകുന്ദപുരം താലൂക്കിലെ ആതിരപ്പള്ളി ഗ്രാമപഞ്ചായത്തിൽപ്പെട്ടതും ആനമല

LIBRARY ARCHIVES Kerala Legislative Assembly